CDC
KERALA

# Child Development Centre



Clinical Services
Research
Training
Community Extension Services

# ഏർളി സ്റ്റിമുലേഷൻ പ്രോഗ്രാം

## ബുദ്ധിവികാസ പ്രചോദനം – നാലാം മാസം

## (Early Stimulation Programme)

Programme for Low Birth Weight Babies





(4 month)

"Reduction of Childhood Disability"

Child Development Centre


തയ്യാറാക്കിയത് :-

Dr. എം.കെ.സി. നായർ
Dr. ബാബു ജോർജ്
Ms. സുനിത ആർ.എം.



**Child Development Centre**
Medical College, Thiruvananthapuram-11
Ph: 0471-2553540, 0471-2447061
Email: cdckerala@rediffmail.com
Web: www.cdckerala.org



## ബുദ്ധിവികാസം

- കഴുത്ത് ഉറച്ചിരിക്കും.
- രണ്ടു കൈകളും ശരീരത്തിന്റെ മധ്യഭാഗത്ത് ചേർത്ത് പിടിച്ച് കളിക്കുന്നു.
- വലിയ ശബ്ദം ഉണ്ടാക്കി ചിരിക്കാനുള്ള കഴിവ് ഉണ്ടാകുന്നു.
- കൈയ്യിൽ കളിപ്പാട്ടം കൂടുതൽ സമയം പിടിച്ച് കളിക്കുന്നു.

### *കാഴ്ചശക്തിക്കുള്ള പ്രചോദനം*

- കുഞ്ഞിനെ കണ്ണാടിയിൽ പ്രതിബിംബം കാണിക്കുക.
- നിറമുള്ളതും തിളങ്ങുന്നതുമായ വസ്തുക്കൾ കളിക്കാൻ നൽകുക.
- ചുറ്റുപാടുമുള്ള ചലനങ്ങൾ (കാറ്റിൽ ഇലകൾ അനങ്ങുന്നത്, ഫിഷ് ടാങ്കിൽ മീനുകൾ ചലിക്കുന്നത്, വാഹനങ്ങൾ ഓടുന്നത് തുടങ്ങിയവ) കാണിച്ചുകൊടുക്കുക.

### *കേൾവിശക്തിക്കുള്ള പ്രചോദനം*

- പല ആളുകളുടെ സംസാരം ശ്രവിക്കാനുള്ള അവസരം നൽകുക.
- കളിപ്പാട്ടം തനിയെ കിലുക്കി കളിക്കാൻ അവസരം നൽകുക.
- നിരന്തരം കുഞ്ഞുമായി സംസാരിക്കുക.

### *സ്പർശം*

- വിവിധ വസ്തുക്കൾ സ്പർശിക്കാനുള്ള അവസരം നൽകുക.
  ഉദാ: പേപ്പർ ചുരുട്ടുക, തുണി പിടിക്കുക തുടങ്ങിയവ

### *ചലന സംബന്ധമായ പ്രചോദനം:*

- കുഞ്ഞിനെ അമ്മ ഇടുപ്പിൽ എടുത്ത് നടക്കുക.
- കുഞ്ഞിനെ കമഴ്ത്തി കിടത്തി കൈകുത്തി പൊങ്ങാൻ പ്രേരിപ്പിക്കുക. എല്ലാ ദിശയിലേക്കും നോക്കാൻ പ്രേരിപ്പിക്കുക.
- കമഴ്ത്തി കിടത്തി നെഞ്ചിനു താഴെ ഉരുളൻ തലയിണ വയ്ക്കുക. തലയും നെഞ്ചും ഉയർത്താൻ പ്രേരിപ്പിക്കുക.
- കഴുത്ത് ഉറച്ചിട്ടില്ലായെങ്കിൽ തെറാപ്പിസ്റ്റിന്റെ നിർദ്ദേശാനുസരണം ലഘുവായ വ്യായാമ രീതികൾ ചെയ്യുക.
- കൈകൾ കൂട്ടിപ്പിടിക്കുകയും സാധനങ്ങൾ എത്തിയെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുക.
- കുഞ്ഞിനെ മാർദവമുള്ള ഒരു റോളറിൽ/ഉരുണ്ട തലയിണയിൽ കമഴ്ത്തി കിടത്തുക. റോളർ സാവധാനം മുന്നോട്ടും പിന്നോട്ടും ചലിപ്പിക്കുക. തല ഉയർത്തുന്നതിന് ഇത് സഹായിക്കും.